## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3459 — 08.11.2019 ലെ മറുപടിക്ക്

### അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളുടെ പൊളിച്ചുമാറ്റൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.വിൻസെന്റ് | | ശ്രീ.എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| (എ) | മരട് ഫ്ലാറ്റുകൾ നിർമ്മിച്ചപോലെ അനധികൃതമായി നിർമ്മിച്ച മറ്റു കെട്ടിടങ്ങൾ പൊളിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (എ) | അനധികൃത കെട്ടിടങ്ങളുടെ നിർമ്മാണം കണ്ടുപിടിയ്ക്കുന്നതിനും തടയുന്നതിനും കെട്ടിട നിർമ്മാണങ്ങൾ ബന്ധപ്പെട്ട ആക്റ്റിന്റെയും ചട്ടങ്ങളുടെയും മറ്റു വ്യവസ്ഥകളുടെയും അടിസ്ഥാനത്തിലാണ് നടക്കുന്നത് എന്ന് ഉറപ്പു വരുത്തുന്നതിനും 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 157 പ്രകാരവും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 148 പ്രകാരവും ജില്ലാതല വിജിലൻസ് സ്ക്വാഡുകൾ രൂപീകരിക്കാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇത്തരത്തിൽ രൂപീകരിച്ചിട്ടുള്ള സ്ക്വാഡുകൾ പരിശോധന നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുകയും അതിനെതിരെ നടപടി സ്വീകരിക്കാൻ ശിപാർശ ചെയ്യുകയും ചെയ്യുന്നുണ്ട്. കൂടാതെ അനധികൃത നിർമ്മാണം സംബന്ധിച്ച് സർക്കാരിന് ലഭിക്കുന്ന പരാതികളിൽ ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) അന്വേഷണം നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ തീരദേശപരിപാലന നിയമം ലംഘിച്ച് സംസ്ഥാനത്ത് നിർമ്മിച്ച കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കാൻ 16.10.2019-ലെ സ.ഉ.(സാധാ)നം.98/2017/പരി., 17.10.2019-ലെ സ.ഉ.(സാധ)നം.101/2019/പരി. എന്നീ ഉത്തരവുകൾ പ്രകാരം കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | തിരുവനന്തപുരം ജില്ലയിൽ അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളുടെ പഞ്ചായത്തുതലത്തിലുള്ള ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ; ഉണ്ടെങ്കിൽ അവ ഏതൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) | ഇല്ല. |
| (സി) | പ്രസ്തുത കെട്ടിടങ്ങൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വെളിപ്പെടുത്താമോ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ